Answer

(*a*)	Acres	Cents	Sq. Links	
	67,012	96	164	
(*b*)	Taluks	Acres	Cents	Sq. Links
	Thovala	12,037	61	344
	Agastiswaram	24,926	83	0
	Kalkulam	22,308	51	820
	Vilavancode	7,740	0	0

അധഃകൃത കോളനി.

329. [19] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ പല്ലുറവ് എന്ന സ്ഥലത്ത് അധഃകൃതർക്ക് ഒരു കോളനി സ്ഥാപിക്കുവാൻ 1954-ൽ കല്പനയായിട്ടുണ്ടോ;

(ബി) അതിന്റെ നടപടി ഇപ്പോൾ എങ്ങിനെയിരിക്കുന്നു;

(സി) ഇവിടെ ക്രമപ്രകാരം ഒരു കോളനിയാകണമെങ്കിൽ എത്ര കൊല്ലം വേണ്ടിവരുമെന്നാണ് ഗവണ്മെന്റ് കണക്കുകൂട്ടുന്നത്?

ഉത്തരം.

(എ) ഉണ്ട്, കല്പന 1953-ലാണ് ഉണ്ടായത്.

(ബി) കോളനി സ്ഥാപിക്കുന്നതിനു സ്ഥലം വിലയ്ക്കെടുത്തു കഴിഞ്ഞു.

(സി) താമസിയാതെ കോളനി തുടങ്ങും.

വനങ്ങളിൽനിന്നും അനധികൃതമായി വൃക്ഷങ്ങൾ മുറിച്ചതു സംബന്ധിച്ചുള്ള കേസുകൾ.

330. [20] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലുള്ള വനങ്ങളിൽനിന്നും അനധികൃതമായി വൃക്ഷങ്ങൾ മുറിച്ചതു സംബന്ധിച്ച് എത്ര കേസുകൾ ഈ വർഷത്തിൽ എടുത്തിട്ടുണ്ട്;

(ബി) അതിൽ എത്രയെണ്ണം ശിക്ഷിച്ചിട്ടുണ്ട്;

(സി) ശിക്ഷിച്ച ഇനത്തിൽ എത്ര രൂപ ഗവണ്മെന്റിലേയ്ക്കു വരുമാനം ഉണ്ടായിട്ടുണ്ട്?

ഉത്തരം.

(എ) 172 കേസുകൾ.

(ബി) 39 കേസുകൾ കോടതി മുഖേന ശിക്ഷിക്കുകയും നാലെണ്ണം ഡിപ്പാർട്ടുമെന്റിൽനിന്ന് പരിഹാരം ഈടാക്കിക്കൊണ്ട് തീർക്കുകയും ചെയ്തു.

(സി) കോടതിയിൽനിന്നും 318 രൂപ ശിക്ഷിച്ചിട്ടുണ്ട്. 120 രൂപ പരിഹാരം വകയിൽ ഡിപ്പാർട്ടുമെന്റിനു കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly